നം:ICDS.A1-7752/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര.
തിരുവനന്തപുരം. തീയതി 01.06.2016.

# സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ICDS- അങ്കണവാടി വർക്കർ ഹെൽപ്പർമാർക്ക് 2015-16 വർഷത്തേയ്ക്കുള്ള യൂണിഫോം വിതരണം നടത്തിയത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- ഈ കാര്യാലയത്തിൽ നിന്നും 26.12.2015 തീയതിയിൽ ഹാൻടെക്സിന് നൽകിയ ഇതേ നമ്പരായുള്ള വിതരണാനുമതി ഉത്തരവ്

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 32986 അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 129 മിനി അങ്കണവാടി വർക്കർമാർക്കും യൂണിഫോമായി 2 വീതം ഓവർകോട്ട് നൽകുന്നതിന് സൂചന പ്രകാരം ഹാൻടെക്സിന് വിതരണാനുമതി ഉത്തരവ് നൽകിയിരുന്നു. വർക്കർക്ക് കോഫി ബ്രൗൺ നിറമുള്ള ഓവർകോട്ടും ഹെൽപ്പർക്ക് മെറൂൺ നിറത്തിലുള്ള ഓവർകോട്ടുമാണ് അനുവദിച്ചിട്ടുള്ളത്.

ഹാൻടെക്സ് താങ്കളുടെ ഓഫീസിൽ വിതരണം നടത്തിയിട്ടുള്ള യൂണിഫോമുകൾ ബന്ധപ്പെട്ട വർക്കർ ഹെൽപ്പർമാർക്ക് നൽകേണ്ടതാണ്. യൂണിഫോമുകൾ ലഭ്യമായത് സംബന്ധമായ കൈപ്പറ്റ് രസീത് ശിശുവികസനപദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ആയത് ശേഖരിച്ച് 10.06.2016 മുൻപ് ഈ കാര്യാലയത്തിൽ e- mail ആയി നൽകേണ്ടതുമാണ്.

അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള യൂണിഫോം അങ്കണവാടി പ്രവർത്തന സമയത്ത് നിർബന്ധമായും ധരിക്കുന്നുവെന്ന് ബന്ധപ്പെട്ട സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഉന്നത ഉദ്യോഗസ്ഥരുടെ അങ്കണവാടി സന്ദർശന സമയത്ത് യൂണിഫോമുകൾ ധരിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ആയത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ CDPO മാർക്കും
എല്ലാ PO മാർക്കും

TSS/June 1, 2016